# കേരള സർവകലാശാല

നം.പി.ആർ.187/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

ആഗസ്റ്റ് 20 മുതൽ 23 വരെ നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### വിദൂര വിദ്യാഭ്യാസ പഠന വിഭാഗത്തിൽ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾക്ക് ഓൺലൈനായി അപേക്ഷിക്കാം

സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ പഠന വിഭാഗത്തിൽ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾക്ക് ആഗസ്റ്റ് 16 മുതൽ ഓൺലൈനായി www.sde.keralauniversity.ac.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം. ബി.എ (എക്കണോമിക്സ്, ഇംഗ്ലീഷ്, ഹിസ്റ്ററി, മലയാളം, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഹിന്ദി), ബാച്ചിലർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ (ബി.ബി.എ), ബി.എസ്.സി (കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ്), ബാച്ചിലർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ബി.സി.എ), ബി.കോം, ബി.എൽ.ഐ.സി, എം.എ (എക്കണോമിക്സ്, ഇംഗ്ലീഷ്, ഹിന്ദി, ഹിസ്റ്ററി, മലയാളം, പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിന്സ്ട്രേഷൻ, സോഷ്യോളജി), എം.കോം, എം.എസ്.സി (കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ്) എം.എൽ.ഐ.സി എന്നീ പ്രോഗ്രാമുകൾക്ക് 2018 – 19 അദ്ധ്യയന വർഷത്തിലേക്ക് അപേക്ഷിക്കാം.

സർവകലാശാലയുടെ റെഗുലർ കോഴ്സുകളുടെ അതേ സിലബസ് തന്നെയായിരിക്കും വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്കും. ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. ഓൺലൈനായി ഫീസ് അടക്കുവാനുള്ള സൗകര്യവും ഉണ്ടായിരിക്കും. അപേക്ഷകൾ നൽകാനുള്ള അവസാന തീയതി സെപ്റ്റംബർ 30. യു.ജി.സി നിർദ്ദേശ പ്രകാരം ഈ തീയതിക്ക് ശേഷം പ്രവേശനം സാധ്യമാകുന്നതല്ല. പ്രവേശന യോഗ്യത, മാനദണ്ഡങ്ങൾ എന്നിവ വ്യക്തമായി പരിശോധിച്ചതിനു ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.ideku.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### ഹോസ്റ്റലുകൾ പ്രവർത്തിക്കും

സംസ്ഥാനം അഭിമുഖീകരിക്കുന്ന മഴ കെടുതി മൂലം ബുദ്ധിമുട്ടിലായ സർവകലാശാലയിലെ ഹോസ്റ്റൽ വിദ്യാർത്ഥികൾക്കായി തൈക്കാടും, കാര്യവട്ടത്തും പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ ഓണം അവധിക്കും തുറന്നു പ്രവർത്തിക്കുന്നതാണ്.

## സ്പോട്ട് അഡ്മിഷൻ മാറ്റി

സർവകലാശാല പുതുതായി അഫിലിയേഷൻ നൽകിയ എയ്ഡഡ് കോളേജായ പാറശ്ശാല, ഇടഞ്ഞി സാൻതോം മലങ്കര ആർട്സ് ആന്റ് സയൻസ് കോളേജിലേക്ക് ആഗസ്റ്റ് 18 ന് നടത്താനിരുന്ന സ്പോട്ട് അഡ്മിഷൻ പ്രതികൂല കാലാവസ്ഥ കാരണം മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## എംഫിൽ പ്രവേശനം

സർവകലാശാലയിലേയും യൂണിവേഴ്സിറ്റി കോളേജിലേയും വിവിധ പഠന വകുപ്പുകളിലേക്കും കാര്യവട്ടം ലക്ഷ്മീ ബായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലേക്കുമുള്ള എംഫിൽ പ്രോഗ്രാമുകളിലേക്ക് അഡ്മിഷനു വേണ്ടി ജൂലൈയിൽ നടത്തിയ പ്രവേശന പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ അവരവരുടെ ബിരുദാനന്തരബിരുദതല പരീക്ഷയുടെ മാർക്കുകൾ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ആഗസ്റ്റ് 31 വരെ രേഖപ്പെടുത്താവുന്നതാണ്.

## സ്പെഷ്യൽ ഫിനാൻഷ്യൽ അസ്സിസ്റ്റൻസ് ഫോർ എസ്.സി/എസ്.ടി റിസർച്ച് സ്കോളേഴ്സ്

എസ്.സി/എസ്.ടി (ഫുൾടൈം) ഗവേഷക വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ ഫിനാൻഷ്യൽ അസ്സിസ്റ്റൻസിന് (2018-2019) യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 26. അപേക്ഷാ ഫോറവും കൂടുതൽ വിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ.

## തീയതി നീട്ടി

2018 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്, കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്, ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം ബി.എ/ബി.എസ്.സി/ബി.കോം പരീക്ഷകളുടെ സി.ഇ മാർക്ക് കോളേജുകളിൽ നിന്ന് അപ്ലോഡ് ചെയ്യുന്നതിനുള്ള തീയതി സെപ്റ്റംബർ 7 വരെ നീട്ടിയിരിക്കുന്നു.

## ക്ലാസുകൾ ഇല്ല

വിദൂര വിദ്യാഭ്യാസ വിഭാഗം കൊല്ലം കേന്ദ്രത്തിൽ ആഗസ്റ്റ് 18, 19 തീയതികളിൽ സമ്പർക്ക ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## റിസർച്ച് ഗ്രാന്റ് 2018-19: അപേക്ഷ ക്ഷണിച്ചു

സർവകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും 2018-19 വർഷത്തേക്കുള്ള റിസർച്ച് ഗ്രാന്റിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 15. അപേക്ഷാ ഫോമും വിശദ വിവരങ്ങളും www.research.keralauniversity.ac.in/ Downloads എന്ന ലിങ്കിൽ നിന്നും ലഭിക്കും.

# <u>ത്രിദിന അന്തർദേശീയ കോൺഫറൻസ്</u>

സാമ്പത്തിക ശാസ്ത്ര പഠന വകുപ്പിന്റെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടെർനേറ്റീവ് ഇക്കണോമിക്സ് പാരിസ്ഥിതിക, സാമൂഹിക, സാമ്പത്തിക വിഷയങ്ങളെ ആസ്പദമാക്കി പാളയം സെനറ്റ് ചേംബറിൽ സംഘടിപ്പിച്ച ത്രിദിന അന്തർദേശീയ കോൺഫറൻസിന്റെ രണ്ടാം ദിനത്തിൽ ഡോ.കല്യാൺ ദാസ്, ഡോ.എൻ.ബാലസുബ്രമണ്യൻ, ഡോ.വെങ്കടാചലം എൽ, ഡോ.നന്ദൻ നവൻ എന്നിവർ, ഉത്തര പൂർവ്വ സംസ്ഥാനങ്ങളിലെ മലയോര മേഖലകളിൽ പിൻതുടരുന്ന സുസ്ഥിര പാരിസ്ഥിതിക പ്രവൃത്തികൾ, പാരിസ്ഥിതിക സേവനങ്ങളും സാമൂഹിക ക്ഷേമവും, പാരിസ്ഥിതിക സേവനങ്ങളുടെ മൂല്യനിർണയം, ഐക്യരാഷ്ട്ര സംഘടനയുടെ പാരിസ്ഥിതിക സാമ്പത്തിക കണക്കെടുപ്പ് എന്നീ വിഷയങ്ങളിൽ പ്രഭാഷണം നടത്തി.

**തിരുവനന്തപുരം.**
17.08.2018

പബ്ലിക് റിലേഷൻസ് ഓഫീസർ


**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**